**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1135** **02-02-2026 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ തുറവൂർ, കുത്തിയതോട് പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ, കുത്തിയതോട് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ബജറ്റിൽ അനുവദിച്ച അഞ്ച് കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചോയെന്ന് വ്യക്തമാക്കാമോ; | (എ) | **2023-24 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 2781 ആയി ഉൾപ്പെടുത്തി 5 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച് വ്യവസായ വകുപ്പിനെ നിർവ്വഹണ വകുപ്പ് ആക്കിയ "അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണവും മാലിന്യ സംസ്കരണ പ്ലാന്റും" എന്ന പ്രവൃത്തി നാളിതുവരെ നടക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി റദ്ദ് ചെയ്തു. ആയതിനു പകരം ജലവിഭവ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി "അരൂർ മണ്ഡലത്തിൽ തുറവൂർ, കുത്തിയതോട് എന്നീ പഞ്ചായത്തു പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്" എന്ന പ്രവൃത്തി ഉൾപ്പെടുത്തി 19.12.2025 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി നിലവിൽ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ് .** |
| (ബി) | പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | **പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കൽ അവസാനഘട്ടത്തിലാണ്.** |

സെക്ഷൻ ഓഫീസർ